ക്ഷ്യവകപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ഒൻപതു്.

(ബി)

	ഷെയർ ക്യാപിറൽ ലോൺ	ക്യാഷ് ക്രെഡിറ്റ് ലോൺ	മാനേജീരിയൽ സബ്സിഡി
(1) തിരുവനന്തപുരം ഡിസ്ട്രിക്റ്റ് മൊത്ത വ്യാപാര സ്റ്റോർ	60,000	1,25,000	2,158.33
(2) കൊല്ലം ഡിസ്ട്രിക്റ്റ് മൊത്തവ്യാപാരസ്റ്റോർ	,,	,,	,,
(3) ആലപ്പുഴ ടൗൺ മൊത്ത വ്യാപാരസ്റ്റോർ	57,000	,,	1,072.00
(4) കോട്ടയം മൊത്ത വ്യാപാരസ്റ്റോർ	30,000	,,	,,
(5) എറണാകുളം മൊത്തവ്യാപാര സ്റ്റോർ	60,000	1,25,000	2,395.16
(6) തൃശ്ശൂർ മൊത്തവ്യാപാര സ്റ്റോർ	60,000	,,	1,169.35
(7) പാലക്കാട് മൊത്തവ്യാപാരസ്റ്റോർ	44,000	,,	,,
(8) കണ്ണൂർ മൊത്തവ്യാപാര സ്റ്റോർ	60,000	,,	12,50.00
(9) കോഴിക്കോട് മൊത്ത വ്യാപാരസ്റ്റോർ	60,000	,,	2,387.10

(സി) ഈ സംസ്ഥാനത്തേക്കു് അനുവദിച്ചിട്ടുള്ള ഒൻപതും ആരംഭിച്ചു കഴിഞ്ഞു.

വൻകിട ജലസേചനപദ്ധതികൾ

* 510. [23] ശ്രീ. പി. കെ. നാരായണൻനമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷ്യവകപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മൂന്നാംപഞ്ചവത്സരപദ്ധതിയിൽ കേരളത്തിൽ പ്രവൃത്തി തുടങ്ങിയ വൻകിട ജലസേചനപദ്ധതികൾ ഏതൊക്കെയാണു് ;

(ബി) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ജലസേചനപദ്ധതി കൊണ്ടു് എത്ര ഏക്കർ സ്ഥലം ജലസേചനത്തിനു് ഉപകരിക്കുമെന്നാണു് കണക്കാക്കിയതു് ;

(സി) എത്ര രൂപ ഇതിനു് മതിപ്പുണ്ടാക്കിയിട്ടുണ്ടു് ;

(ഡി) 1963 ഡിസംബർ 31 വരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടു് ;

(ഈ) ഈ പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് സെൻട്രൽ ഗവണ്മെന്റിനു് അയച്ചുകൊടുത്തതു് എപ്പോഴാണു് ;

(എഫ്) അതിന്റെ ഒരു കാപ്പി മേശപ്പുറത്തു് വയ്ക്കുവാൻ ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) (1) കല്ലട (4) ചിറ്റൂർപ്പുഴ
(2) പമ്പ (5) കാഞ്ഞിരപ്പുഴ
(3) കുറിയാടി (6) പഴശ്ശി (വളപട്ടണം)

(ബി) ഉദ്ദേശം 36,000 ഏക്കറിനു്.

(സി) ഉദ്ദേശം 46ൻ ലക്ഷം രൂപ.

(ഡി) 7.377 ലക്ഷം രൂപ.

(ഈ) 1962 ജൂണിൽ.

(എഫ്) കേന്ദ്ര ജലവൈദ്യുതക്കമ്മിഷന്റെ നിർദ്ദേശാനുസരണം ഈ സ്കീമിന്റെ പ്രോജക്റ്റു് റിപ്പോർട്ടിൽ പല മാറ്റങ്ങളും വരുത്തിയിട്ടുണ്ടു്. ആ വക മാറ്റങ്ങളും വരുത്തിയ പുതുക്കിയ റിപ്പോർട്ടു് ഉണ്ടാക്കിയിട്ടില്ല. അതുകൊണ്ടു് പ്രാജക്റ്റു് റിപ്പോർട്ടിന്റെ കാപ്പി മേശപ്പുറത്തു് വയ്ക്കുവാൻ നിവൃത്തിയില്ല.

സപ്ലീസ് സഹകരണ സംഘങ്ങൾ

* 511. [24] ശ്രീമതി എ. നഫീസത്തുബീവി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷേമ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് ഇപ്പോൾ എത്ര സപ്ലീസ് സഹകരണ സംഘങ്ങൾ ഉണ്ടു്; അവയുടെ മൊത്തം മൂലധനം എത്ര ;

(ബി) 1962–ൽ സംസ്ഥാനത്തു് നിലവിലുണ്ടായിരുന്ന എത്ര സഹകരണസംഘങ്ങൾ കൺസ്യൂമേഴ്സ് സഹകരണസംഘമായി മാറ്റിയിട്ടുണ്ടു് ;

(സി) കുട്ടനാട് താലൂക്കിൽ കൈനകരി 3524-ാംനമ്പർ സഹകരണ സംഘം കൺസ്യൂമേഴ്സ് സഹകരണസംഘമായി മാറ്റിയിട്ടുണ്ടോ ;

(ഡി) 3524-ാംനമ്പരായി പ്രവർത്തിച്ചിരുന്നപ്പോൾ ഇതിന്റെ പ്രവർത്തനത്തിലുള്ള വൈകല്യങ്ങളെക്കുറിച്ചു് വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതു സംബന്ധിച്ചു് ഗവണ്മെന്റു് എന്തു നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു്?

ക്ഷേമ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 1,023; മൊത്തം മൂലധനം 2,70,67,975 രൂപ.

(ബി) നാലു്.

(സി) കൈനകരി 3524–ാംനമ്പർ എന്നൊരു സഹകരണസംഘം കുട്ടനാട്താലൂക്കിൽ പ്രവർത്തിക്കുന്നില്ല. 3254-ാംനമ്പരായി കൈനഡിയിൽ ഒരു സഹകരണസംഘം പ്രവർത്തിക്കുന്നുണ്ടു്. ആ സംഘം കൺസ്യൂമർ സഹകരണസംഘമായി മാറ്റിയിട്ടുണ്ടു്. മേൽ പറഞ്ഞ 3254–ാംനമ്പർ സംഘത്തിന്റെ പ്രവർത്തനവൈകല്യങ്ങളെക്കുറിച്ചു് പരാതി ലഭിച്ചതിനെത്തുടർന്നു് ആക്റ്റിലെ 45-ാംവകുപ്പനുസരിച്ചു് ഒരു അന്വേഷണറിപ്പോർട്ടു് തയാറാക്കിയിട്ടുണ്ടു്. അതിനെത്തുടർന്നു് സംഘത്തിന്റെ മേൽ നടപടി നടത്തുന്ന കാര്യം പരിഗണനയിലിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly